MODELQP Pages: 2 Reg No:.....
Name:.....

Fifth Semester FYUGP Degree Examination
KU5DSEMAL305 - PADAVUM PADANAVUM - INDULEKHA

2024 Admission onwards

Time : 2 hours Maximum Marks : 70

Section A

Answer any 6 questions. Each carry 3 marks.

1. ഇന്ദുലേഖയിൽ സംസ്കൃത വിദ്യാഭ്യാസത്തിന് നൽകുന്ന സ്ഥാനം എന്ത്?
2. പാശ്ചാത്യവിദ്യാഭ്യാസം സൃഷ്ടിച്ച പുതിയ സാമൂഹികബോധം വ്യക്തമാക്കുക.
3. ഇന്ദുലേഖ'യിലെ ആശയലോകത്തിന്റെ പ്രത്യേകതയെക്കുറിച്ച് ഇ.വി.രാമകൃഷ്ണന്റെ നിരീക്ഷണമെന്ത്?
4. ഇന്ദുലേഖയിലെ ഷിയർ അലിഖാൻ എന്ന കഥാപാത്രത്തിന്റെ സ്വത്വമെന്ത്?
5. ജാതിവ്യവസ്ഥ ഇല്ലാതാവാൻ എന്ത് മാറ്റം വരണമെന്നാണ് 'ഇന്ദുലേഖ"യിലെ മാധവൻ അഭിലഷിക്കുന്നത്?
6. എം. പി. പോളിന്റെ അഭിപ്രായത്തിൽ 'ഇന്ദുലേഖ'യ്ക്ക് സമാനമായി സാമുദായിക പശ്ചാത്തലത്തിലുള്ള ഏത് നോവലാണ് ഉള്ളത്?
7. ഇന്ദുലേഖയിലെ കഥാപാത്രങ്ങളുടെ സംഭാഷണശൈലിയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
8. ഇന്ദുലേഖയിലെ പ്രണയസംഭാഷണങ്ങളിൽ സംസ്കൃതനാടകങ്ങളുടെ സ്വാധീനം എങ്ങനെ പ്രകടമാകുന്നു?

Section B

Answer any 4 questions. Each carry 6 marks.

9. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ സ്വാധീനം കേരളത്തിലെ സാമൂഹികപരിഷ്കരണത്തിന് വഴിയൊരുക്കിയതെങ്ങനെ?
10. കേരളത്തിലെ സാമൂഹികപരിഷ്കരണത്തിൽ മിഷണറി വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പങ്ക് വിലയിരുത്തുക
11. ദേശീയത, ജാതി, ആധുനികത എന്നിവയുടെ രൂപീകരണത്തിൽ ഇന്ദുലേഖ എന്ന നോവൽ വഹിച്ച പങ്കെന്ത്? എം.ടി. അൻസാരിയുടെ ലേഖനം മുൻനിർത്തി വിശദമാക്കുക
12. എം.പി. പോളിന്റെ ലേഖനത്തിൽ പരാമർശിക്കുന്ന 'ഇന്ദുലേഖ'യുടെ അനുകരണങ്ങൾക്ക് സംഭവിച്ച വീഴ്ചകൾ എന്തൊക്കെയാണ്?
13. യാഥാർഥ്യവും ഭാവനയും സമന്വയിപ്പിച്ചുകൊണ്ടുള്ള ആഖ്യാനരീതിയാണ് 'ഇന്ദുലേഖ'യുടേത്-പരിശോധിക്കുക.

14. സൂരിയുടെ കഥാപാത്രത്തെയും കല്യാണിക്കുട്ടിയെ കൊണ്ടുപോകുന്ന സംഭവത്തെയും എം. അച്യുതൻ വിമർശിക്കുന്നതെങ്ങനെ?

Section C

Answer any 2 questions. Each carry 14 marks.

15. ചന്തുമേനോന്റെ ജീവിതം, സാഹിത്യപ്രവർത്തനം, സാമൂഹിക പശ്ചാത്തലം എന്നിവ സാമാന്യമായി വിശദീകരിക്കുക.

16. 'ഇന്ദുലേഖ'യിലെ 18-ാം അധ്യായത്തിൽ ഗോവിന്ദപ്പണിക്കർ, ഗോവിന്ദൻകുട്ടി മേനോൻ, മാധവൻ എന്നിവരിലൂടെ പ്രകടമാകുന്ന ദൈവവിശ്വാസം, നിരീശ്വരവാദം, യുക്തിചിന്ത എന്നിവയുടെ വശങ്ങൾ കെ. എൻ. പണിക്കരുടെ ലേഖനത്തെ അടിസ്ഥാനമാക്കി സമഗ്രമായി വിവരിക്കുക

17. സംസ്കൃതവും ഇംഗ്ലീഷും അധികാരത്തിന്റെ ഭാഷകളായി നമ്മെ ഭരിച്ചു. കേരള രാഷ്ട്രീയ ചരിത്രത്തിൽ ഈ ഭാഷകൾ ചെലുത്തിയ സ്വാധീനം ഇന്ദുലേഖയെ മുൻനിർത്തി പരിശോധിക്കുക.